കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിൽ റവന്യൂ വാർഡ് **26**, മാങ്കാവ്-മേത്തോട്ടുതാഴം - ശ്മശാനം റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തിയ്ക്ക് കോർപ്പറേഷന്റെ **2015-16** വർഷത്തെ പദ്ധതിയിൽ നടപ്പാക്കാൻ സാധ്യത ഇല്ലാത്ത പ്രോജക്ടുകളിൽ നിന്നും തുക ജി.ഒ. പ്രോജക്ടായി വകമാറ്റി ചെലവഴിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം.1388/2016/തസ്വഭവ                    തിരുവനന്തപുരം, തീയതി 31.03.2016

പരാമർശം - (1) സ.ഉ.(സാധാ) നം.1045/09/പൊ.മ.വ തീയതി 14/02/2009.

(2) സ.ഉ.(സാധാ) നം.136/2010/പൊമവ. തീയതി 27/01/2010.

(3) 29/03/2016-ലെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ അർദ്ധ ഔദ്യോഗിക കത്ത്

ഉത്തരവ്

കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിൽ റവന്യൂ വാർഡ് 26, മാങ്കാവ്-മേത്തോട്ടുതാഴം - ശ്മശാനം റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തിയ്ക്ക് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെന്നും ടി തുകയിൽ നിന്ന് 200 ലക്ഷം രൂപ ടി റോഡിന്റെ ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തിയ്ക്കായി പരാമർശം (2)-ലെ ഉത്തരവ് പ്രകാരം നഗരസഭയ്ക്ക് അനുവദിച്ച് ഉത്തരവായിരുന്നുവെങ്കിലും ടി തുക നഗരസഭയ്ക്ക് ഇതുവരെ കൈമാറി കിട്ടിയിട്ടില്ലെന്നും ഭൂമി ഏറ്റെടുക്കലിന് കാലതാമസം നേരിട്ടതിനാൽ വാലേഷന് അനുസൃതമായി സ്ഥലമുടമകൾക്ക് നൽകേണ്ട തുകയിൽ ഭീമമായ വർദ്ധനവ് വന്നിരിക്കുന്നുവെന്നും പരാമർശം 3 പ്രകാരം അറിയിച്ചിരിക്കുന്നു .സർക്കാർ ഉത്തരവായ 2 കോടി രൂപയ്ക്കുപരി ആവശ്യമായ 19,24,60,186/- രൂപ 2015-16 വർഷത്തെ പദ്ധതിയിൽ നടപ്പാക്കാൻ സാധ്യത ഇല്ലാത്ത പ്രോജക്ടുകളിൽ നിന്നും മേൽ പ്രവർത്തികൾക്ക് ജി.ഒ. പ്രോജക്ടായി വകമാറ്റി ചെലവഴിക്കുന്നതിന് അനുവദിക്കണമെന്ന് കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ മേയർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ മേയറുടെ കത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിൽ 2015-16 വർഷത്തെ പദ്ധതിയിൽ നടപ്പാക്കാൻ സാധ്യത ഇല്ലാത്ത പ്രോജക്ടുകളിൽ നിന്നും 19,24,60,186/- രൂപ മാങ്കാവ്-മേത്തോട്ടുതാഴം - ശ്മശാനം റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തിയ്ക്കായി ജി.ഒ. പ്രോജക്ടായി പരിഗണിച്ച് വകമാറ്റി ചെലവഴിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

ഗവൺമെന്റ് സെക്രട്ടറി

സെക്രട്ടറി, കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ
ജില്ലാ കളക്ടർ, കോഴിക്കോട്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റി), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ